# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 825** **08.01.2014-ലെ മറുപടിക്ക്**

## പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളുടെ വിശദാംശം ലഭ്യമാക്കുമോ ;<br><br>(ബി) ഇവ സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (എ) & (ബി)<br>സർക്കാർ മേഖലയിൽ പുതുതായി ആരംഭിക്കാൻ പ്രഖ്യാപിച്ചിരുന്ന മെഡിക്കൽ കോളേജുകളിൽ മഞ്ചേരി മെഡിക്കൽ കോളേജ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, കാസർഗോഡ്, തിരുവനന്തപുരം, കോന്നി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>ഇവ കൂടാതെ ഹരിപ്പാട് ആസ്ഥാനമാക്കി സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിനായുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. സർക്കാർ മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ മെഡിക്കൽ കോളേജുകളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഓരോ മെഡിക്കൽ കോളേജുകളിലും കുറഞ്ഞത് രണ്ടു സ്പെഷ്യാലിറ്റി ആശുപത്രികളും, റിസർച്ച് സെന്ററും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) പ്രാരംഭ ദശയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്പെഷ്യാലിറ്റി ആശുപത്രികളും റിസർച്ച് സെന്ററുകളും ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ